## 18.01.2025-ന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന പത്രപ്രവർത്തകേതര പെൻഷൻ ഉപസമിതി യോഗ നടപടിക്കുറിപ്പ്

യോഗം 18.01.2025-ന് 11.30 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീ ശ്യാം വി, ജോയിന്റ് സെക്രട്ടറി, ഐ&പി.ആർ.ഡി

2) ശ്രീമതി രഞ്ജു. റ്റി, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

3) ശ്രീമതി ലിയ ലത്തീഫ് എ, അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

4) ശ്രീ. വി. ബാലഗോപാലൻ, ജനറൽ സെക്രട്ടറി, ആൾ ഇന്ത്യാ ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ

5) ശ്രീ. ജയ്സൺ മാത്യു, ജനറൽ സെക്രട്ടറി, കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ

### യോഗതീരുമാനങ്ങൾ

**അജണ്ട-1**
**പത്രപ്രവർത്തകേതര പെൻഷൻ അനുവദിക്കുന്നത് - സംബന്ധിച്ച്**

**1) ശ്രീ എൻ പി വേണുഗോപാൽ (പിറ്റിഐ)**

പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയിൽ 01/08/1985-ൽ സർവ്വീസിൽ പ്രവേശിച്ചു. 01/08/1986 ൽ സ്ഥിരപ്പെട്ടു. അറ്റന്റർ തസ്തികയിൽ നിന്ന് റിട്രഞ്ച്മെന്റിന്റെ ഭാഗമായി 29.09.2018-ൽ 51-ാമത്തെ വയസ്സിൽ വിരമിച്ചു. 3 2 വർഷത്തെ സർവ്വീസുണ്ട്. ടിയാൻ അംശദായ ഇനത്തിൽ 2019 ഡിസംബർ വരെ 27495/-രൂപ അടച്ചിട്ടുണ്ട്. റിട്രഞ്ച്മെന്റ് അനുവദിച്ച ഉത്തരവ് ഹാജരാക്കിയിട്ടുണ്ട്. പിന്നീട് വേറെ മാധ്യമ സ്ഥാപനത്തിലൊന്നും ജോലി ചെയ്തിട്ടില്ല. നിലവിലെ വ്യവസ്ഥകൾ പ്രകാരം പെൻഷൻ അനുവദിക്കാൻ കഴിയില്ല (ജനനത്തീയതി 30.05.1967).

**തീരുമാനം:-** മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് അനുസൃതമായി പെൻഷൻ അനുവദിക്കാവുന്നതാണ് .

2 ) ശ്രീ സേവ്യർ എൻ എം- കേരള ടൈംസ് & മാതൃഭൂമി-അസിസ്റ്റന്റ് സെയിൽസ് ഓർഗനൈസർ

01/03/1983 മുതൽ 14/02/2000 വരെ 17 വർഷം കേരള ടൈംസിൽ ജോലി നോക്കിയിട്ടുണ്ട്. പ്രസ്തുത സമയത്ത് പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി രൂപീകരിച്ചിട്ടില്ലായിരുന്നു. 9വർഷത്തെ ഇടവേളയ്ക്ക് ശേഷം 27/07/2010-ൽ ടിയാൻ മാതൃഭൂമിയിൽ ജോലിയിൽ പ്രവേശിച്ചു. അസിസ്റ്റന്റ് സെയിൽസ് ഓർഗനൈസർ തസ്തികയിൽ നിന്ന് 25/11/2019-ൽ (60 വയസ്) വിരമിച്ചു. എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് പ്രകാരം മാതൃഭൂമി ദിനപ്പത്രത്തിലെ സർവ്വീസ് കാലയളവ് 9 വർഷവും 4 മാസവുമാണ് (27/07/2010 മുതൽ 25/11/2019 വരെ). ഇക്കാലയളവിൽ അംശദായ ഇനത്തിൽ 18025/- രൂപ അടച്ചിട്ടുണ്ട്.

കേരള ടൈംസിലും മാതൃഭൂമിയിലുമായി ഇടവേളകളിലായി 26 വർഷത്തെ സർവ്വീസുണ്ട്. ടിയാന് അംഗത്വം അനുവദിച്ചത് മാതൃഭൂമിയിൽ ജോലിയിൽ പ്രവേശിച്ചതിന്റെ അടിസ്ഥാനത്തിലാണെന്നിരിക്കെ **27/07/2010** മുതൽ **25/11/2019** വരെയുള്ള **9** വർ ഷവും **4** മാസവുമുള്ള കാലയളവ് പരിഗണിച്ച് **50%** പെൻഷൻ അനുവദിക്കാവുന്നതാണോ?

**തീരുമാനം:** - പ്രത്യേക കേസായി പരിഗണിച്ച് മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് അനുസൃതമായി 50% പെൻഷൻ അനുവദിക്കുന്നതിന് ശിപാർശ ചെയ്യു.

**3) ശ്രീ എം കെ ജലീൽ - ചന്ദ്രിക- ജൂനിയർ ക്ലാർക്ക്**

ചന്ദ്രിക ദിനപ്പത്രത്തിൽ 01/01/2011 ന് സർവ്വീസിൽ പ്രവേശിച്ചു. 01/01/2012 ൽ സ്ഥിരപ്പെട്ടു. ജൂനിയർ ക്ലാർക്ക് തസ്തികയിൽ നിന്ന് 19/05/2021-ന് വിരമിച്ചു. സ്ഥിരപ്പെട്ട 01/01/2012 മുതൽ വിരമിക്കൽ തീയതി വരെയുള്ള കാലാവധി കണക്കാക്കുമ്പോൾ ടിയാൻ 9 വർഷവും 4 മാസവും സർവ്വീസുള്ളതായി കാണുന്നു. 50% പെൻഷൻ അനുവദിക്കാവുന്നതാണോ?

**തീരുമാനം:**-പ്രത്യേക കേസായി പരിഗണിച്ച് മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് അനുസൃതമായി 50% പെൻഷൻ അനുവദിക്കുന്നതിന് ശിപാർശ ചെയ്യു.

**4) ശ്രീ എസ് ശോഭനൻ- ന്യൂ ഇന്ത്യൻ എക്സ്പ്രസ്- പ്രസ് സൂപ്പർവൈസർ**

11/11/1986 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ എസ്. ശോഭനൻ സീനിയർ പ്രസ് സൂപ്പർവൈസർ ആയി ജോലി ചെയ്തു വരവെ 25/04/2014 ൽ (5 4 വയസ്സിൽ) കമ്പനി അടച്ചു പൂട്ടിയതിനാൽ പിരിച്ചുവിടപ്പെട്ടു. 01/2004 മുതൽ 58 വയസ്സു വരെ 18000/- രൂപ അംശദായ ഇനത്തിൽ അടച്ചിട്ടുണ്ട്. ഇദ്ദേഹത്തിന് 2014 വരെ 27 വർഷത്തെ സർവ്വീസുണ്ട്. 01/2004 മുതൽ 05/2018 വരെയുള്ള (58 വയസു വരെ) അംശദായ തുക കണക്കാക്കുമ്പോൾ ആകെ 21,800/- രൂപ ഒടുക്കേണ്ടതുണ്ട്.

സ്ഥാപനത്തിന്റെ വിരമിക്കൽ പ്രായത്തിന് 5 വർഷം മുമ്പ് വരെ കാലയളവിൽ, സ്ഥാപനം പൂട്ടിപ്പോയത് കാരണമായി തൊഴിൽ നഷ്ടപ്പെടുകയും മറ്റൊരു മാധ്യമസ്ഥാപനത്തിൽ തുടർന്ന് ജോലി കിട്ടാതിരിക്കുകയും ചെയ്യുന്നവർക്ക്, പത്ത് വർഷത്തിലേറെ സർവീസ് ഉണ്ടെങ്കിൽ പൂർണപെന്ഷൻ അനുവദിക്കാവുന്നതാണെന്ന് വ്യവസ്ഥയുണ്ട് (സ.ഉ (സാധാ) നം. 15/2023/ഐ&പി.ആർ തീയതി 17.02.2023 — 1എ).

**തീരുമാനം:** - 50% /പൂർണ്ണപെൻഷൻ അനുവദിക്കുന്നതിനായി മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു

**5) ശ്രീ ബാലകൃഷ്ണൻ കെ വി -മാതൃഭൂമി-ടെലിഫോൺ ഓപ്പറേറ്റർ**

22.05.1962 ജനനത്തീയതിയായുള്ള ശ്രീ. ബാലകൃഷ്ണൻ.കെ.വി 17-04-1997-ൽ ജോലിയിൽ പ്രവേശിച്ചു. 17-10-1997-ൽ സ്ഥിരപ്പെട്ടു. 06.01.2020-ൽ രാജി വച്ചു. അംശദായ ഇനത്തിൽ 28,590/-രൂപ അടച്ചിട്ടുണ്ട്. 2 3 വർഷം സർവീസുണ്ട്. 58 വയസു തികയാൻ 5 മാസം ശേഷിക്കവെയാണ് ടിയാൻ രാജി വച്ചത്. സ്വയം വിരമിച്ചവർക്ക് പെൻഷൻ നൽകാൻ വ്യവസ്ഥയില്ല.

**തീരുമാനം:-** സ്വയം വിരമിച്ചവർക്ക് പെൻഷൻ നൽകാൻ വ്യവസ്ഥയില്ല. അംശദായ ഇനത്തിൽ ഒടുക്കിയ തുക തിരികെ നൽകാവുന്നതാണ്.

**6) ശ്രീ എൻ വാസുദേവൻ പോറ്റി -മലയാള മനോരമ-ഡി റ്റി പി ഓപ്പറേറ്റർ**

മലയാള മനോരമയിൽ നിന്ന് 31/12/2010-ൽ (55 വയസ്) വിരമിച്ചു. 26 വർഷത്തെ സർവ്വീസുണ്ട്. വിരമിക്കുന്നത് വരെ 1,750/- രൂപ അംശദായം അടച്ചു. വിരമിച്ച് 8 വർഷത്തിനു ശേഷം 10/08/2018 ൽ 17,308/- രൂപ അടച്ചു. കമ്മിറ്റി തീരുമാനമെടുത്ത് ഉത്തരവാകുന്ന മുറയ്ക്ക് ഇദ്ദേഹത്തിന് പൂർണ്ണപെൻഷൻ അനുവദിക്കാവുന്നതാണ്.

**തീരുമാനം:-** 2018-ൽ അംശദായം ഒടുക്കുന്നതിന് അനുമതി നൽകിയ രേഖ ഹാജരാക്കുകയാണെങ്കിൽ അടുത്ത സബ് കമ്മിറ്റിയിൽ പരിഗണിയ്ക്കാവുന്നതാണ്.

**7) ശ്രീ കുര്യാസ് എൻ ചാക്കോ- ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് - പ്രൊഡക്ഷൻ മാനേജർ**

29/11/2012 ൽ വിരമിച്ച ശ്രീ കുര്യാസ് എൻ. ചാക്കോ പെൻഷന് അപേക്ഷിച്ചത് 20/06/2018-ലാണ്. അംശദായ ഇനത്തിൽ 18,060/-രൂപ അംശദായ ഇനത്തിൽ അടച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ പക്കൽ അംഗത്വ നമ്പർ കാണിക്കുന്ന പാസ് ബുക്കുകളൊന്നും തന്നെ ഇല്ല എന്ന് അറിയിച്ചിട്ടുണ്ട്.

03/12/2021 ലെ സ.ഉ.(സാധാ) 192/2021/ഐ&പിആർ ഉത്തരവ് പ്രകാരം പാസ് ബുക്ക് ഇല്ലാതെ വർഷങ്ങളോളം അംശദായം അടച്ചവരുടെ കാര്യത്തിൽ കൃത്യമായി തുക മുഴുവൻ അടച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ രേഖകൾ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ടിയാന് പെൻഷൻ അനുവദിക്കാവുന്നതാണോ?

**തീരുമാനം:-** മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ശിപാർശ ചെയ്യുന്നു

**8) ശ്രീ കുര്യൻ കെ രാജു - മംഗളം -ജനറൽ മാനേജർ**

1983 മുതൽ 1995 വരെ മലയാള മനോരമയിൽ സീനിയർ ക്ലാർക്കായും; 1995 മുതൽ 2006 വരെ ന്യൂ ഇന്ത്യ എക്സ്പ്രസ്സിൽ അസിസ്റ്റന്റ് മാർക്കറ്റിംഗ് മാനേജരായും; 2006 മുതൽ 2011 വരെ എഫ് എം മീഡിയ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിൽ റസിഡന്റ് എഡിറ്ററായും; 01/04/2011 മുതൽ 30/11/2014 വരെ മംഗളം പത്രത്തിലും ജോലി നോക്കിയിരുന്നു. മംഗളം ദിനപ്പത്രത്തിലെ ജനറൽ മാനേജർ തസ്തികയിൽ നിന്ന് 30/11/2014-ൽ (55 വയസ്) വിരമിച്ചു.

വിരമിക്കുന്നതു വരെ അംശദായമായി 15,300/- രൂപ അടച്ചിട്ടുണ്ട്. വിരമിച്ചതിനുശേഷം 58 വയസു വരെ അംശദായം അടയ്ക്കാത്തതിനാൽ അംഗത്വം റദ്ദായിരിക്കുകയാണ്. 2017 ൽ 58 വയസ് പൂർത്തിയായ ടിയാൻ 2019 ലാണ് അപേക്ഷ സമർപ്പിച്ചത്. 3 വർഷത്തെ അംശദായ കുടിശ്ശിക അടയ്ക്കേണ്ടതുണ്ട്.

ഇതിൽ എഫ് എം മീഡിയ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്നത് പത്ര സ്ഥാപനമല്ല. എഫ് എം മീഡിയ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിലെ സേവനം ഒഴികെ 26 വർഷം സർവ്വീസുണ്ട്.

ടിയാന് അംഗത്വം അനുവദിച്ചത് മംഗളത്തിൽ ജോലിയിൽ പ്രവേശിച്ചതിന്റെ അടിസ്ഥാനത്തിലാണെന്നിരിക്കെ 01/04/2011 മുതൽ 30.11.2014 വരെ ആകെ സേവന കാലയളവ് 3 വർഷവും 6 മാസവും മാത്രമാണ്. നിലവിലെ വ്യവസ്ഥ പ്രകാരം പെൻഷൻ അനുവദിക്കുവാൻ കഴിയില്ല. അതിനാൽ അംശദായം തിരികെ നൽകാവുന്നതാണ്.

**തീരുമാനം:-** ടിയാന് അംഗത്വം അനുവദിച്ചത് സംബന്ധിച്ച രേഖ പരിശോധിച്ച് ഫയലിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**9) അഗസ്റ്റിൻ സി എ -ന്യൂ ഇന്ത്യൻ എക്സ്പ്രസ്-ഡെപ്യൂട്ടി ഫോർമാൻ**

30.11.1961 ജനനത്തീയതിയായുള്ള ടിയാൻ ന്യൂ ഇന്ത്യൻ എക്സ്പ്രസിൽ 01-02-1988-ൽ ജോലിയിൽ പ്രവേശിച്ചു . ഡെപ്യൂട്ടി ഫോർമാൻ തസ്തികയിൽ നിന്ന് 25-04-2014 ൽ (53വയസ്) റിട്ടെഞ്ച് ചെയ്തു. അംശദായമായി 22600/- രൂപ അടച്ചിട്ടുണ്ട്. ടിയാന് 26 വർഷം സർവീസുണ്ട്.

സ്ഥാപനത്തിന്റെ വിരമിക്കൽ പ്രായത്തിന് 5 വർഷം മുമ്പ് വരെ കാലയളവിൽ, സ്ഥാപനം പൂട്ടിപ്പോയത് കാരണമായി തൊഴിൽ നഷ്ടപ്പെടുകയും മറ്റൊരു മാധ്യമസ്ഥാപനത്തിൽ തുടർന്ന് ജോലി കിട്ടാതിരിക്കുകയും ചെയ്യുന്നവർക്ക്, പത്ത് വർഷത്തിലേറെ സർവീസ് ഉണ്ടെങ്കിൽ പൂർണ്ണപെൻഷൻ അനുവദിക്കാവുന്നതാണെന്ന് വ്യവസ്ഥയുണ്ട് (സ.ഉ (സാധാ) നം. 15/2023/ഐ&പി.ആർ തീയതി 17.02.2023 — 1 എ).

**തീരുമാനം:** - 50% / പൂർണ്ണപെൻഷൻ അനുവദിക്കുന്നതിനായി മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ശിപാർശ ചെയ്യുന്നു.

**10) ശ്രീ വിശ്വനാഥൻ പി - മലയാള മനോരമ -സീനിയർ ക്ലാർക്ക്**

31/12/2010-ൽ (55 വയസ്) വിരമിച്ച ടിയാൻ 2010 ആഗസ്റ്റ് വരെ അംശദായം (13,650/- രൂപ) അടച്ചിരുന്നു. 14 വർഷത്തെ സർവ്വീസുണ്ട്. പദ്ധതി വ്യവസ്ഥ പ്രകാരം 2013 ഡിസംബർ വരെ (58 വയസ്) അംശദായം അടയ്ക്കേണ്ടതുണ്ട്. വിരമിച്ചതിനു ശേഷം 58 വയസു വരെ അംശദായം ഒടുക്കാത്തതിനാൽ അംഗത്വം റദ്ദായിട്ടുണ്ട്. പിന്നീട്, സർവ്വീസിൽ തുടരുന്ന അംഗത്വം റദ്ദായവർക്ക് അംശദായം അടയ്ക്കുന്നതിന് അനുമതി നൽകിയ സർക്കുലർ പ്രകാരം 2018 ഓഗസ്റ്റിൽ ബാക്കിത്തുക അടച്ചു. (എച്ച്2/18/2018/ഐ&പിആർ നമ്പർ സർക്കുലർ) ടിയാന് പെൻഷൻ അനുവദിക്കാവുന്നതാണോ?

**തീരുമാനം:-** അംശദായ ഇനത്തിൽ ഒടുക്കിയ തുക തിരികെ നൽകാവുന്നതാണ്.

**11) ശ്രീ എം. രാജൻ - മലയാള മനോരമ -മസ്ദൂർ**

01.06.1998-ൽ ജോലിയിൽ പ്രവേശിക്കുകയും 01.06.1999-ൽ സ്ഥിരപ്പെടുകയും ചെയ്തു. 01/2004 മുതൽ അംഗത്വം നൽകിയിട്ടുണ്ട്. 2012-ൽ വിരമിച്ചു. 12 വർഷവും 6 മാസവും സർവ്വീസുണ്ട്. 30.03.2010, 23.07.2024 എന്നീ തീയതികളിലായി അംശദായം ഒടുക്കി അംശദായം അടച്ചിരുന്ന പാസ് ബുക്കും രസീതും നഷ്ടപ്പെട്ടതിനാൽ യഥാസമയം പെൻഷന് അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞില്ലെന്ന് ടിയാൻ അറിയിച്ചിട്ടുണ്ട്. വർഷങ്ങളുടെ ഇടവേളയിലാണ് രണ്ടു തവണയായി അംശദായം അടച്ചിട്ടുള്ളത്. അപേക്ഷകൻ 13,658/- രൂപ അടച്ചിട്ടുണ്ട്. ബാക്കി 3,292/- രൂപ കൂടി ഒടുക്കേണ്ടതുണ്ട്. കുടിശ്ശികത്തുക പലിശ സഹിതം ഒടുക്കുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കാവുന്നതാണോ?

**തീരുമാനം:**- ഫയൽ വിശദമായി പരിശോധിച്ച് തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചു

**12) ശ്രീ.ഭവദാസ്.എം.കെ - മാതൃഭൂമി - സെക്ഷൻ ഓഫീസർ**

07.01.1985-ൽ ജോലിയിൽ പ്രവേശിക്കുകയും 07.07.1985-ൽ സ്ഥിരപ്പെടുകയും ചെയ്തു. ടിയാൻ 09.11.2017-ൽ (57 വയസ്) സ്വയം വിരമിച്ചു . സ്ഥാപനത്തിലെ വിരമിക്കൽ പ്രായം 60 ആണ്. 3 2 വർഷത്തെ സർവ്വീസുണ്ട്. 2017-ൽ വിരമിച്ചെങ്കിലും 6 0 വയസു വരെ അംശദായം അടച്ചിട്ടുണ്ട്. (ആകെ 27,800/- രൂപ/-).

2017-ൽ ആലപ്പുഴയിലേക്ക് സ്ഥലം മാറ്റിയെന്നും ആ സമയം 8 3 വയസുള്ള പിതാവിനെയും മാനസിക വൈകല്യമുള്ള മകളെയും പരിചരിക്കേണ്ടതിനാൽ പയ്യന്നൂർ നിന്നും ആലപ്പുഴയ്ക്കുള്ള യാത്ര സാധ്യമല്ലായിരുന്നതിനാൽ സ്വയം വിരമിക്കേണ്ട സാഹചര്യം വന്നു. അപേക്ഷകന്റെയും മകളുടെയും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്.

പത്രസ്ഥാപനത്തിലെ 32 വർഷത്തെ സർവ്വീസ് പരിഗണിച്ചും, വിരമിച്ചത് 57 വയസിന് ശേഷമായതിനാലും പെൻഷൻ അനുവദിക്കാവുന്നതാണോ.

**തീരുമാനം:** - ഉചിതമായ തീരുമാനത്തിനായി മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ശിപാർശ ചെയ്യുന്നു.

**13) ശ്രീ. ജേക്കബ് ഫിലിപ്പ് - മലയാള മനോരമ — പേപ്പർമാൻ**

1985-ൽ ജോലിയിൽ പ്രവേശിച്ചു. 2009-ൽ (55 വയസ്) വിരമിച്ചു. 2010-ൽ അംഗത്വം അനുവദിച്ചതിന്റെയടിസ്ഥാനത്തിൽ 12000/-രൂപ അംശദായം അടച്ചു. അപേക്ഷകന് പത്രസ്ഥാപനത്തിൽ 24 വർഷത്തെ സർവ്വീസ് ഉണ്ട് പദ്ധതി നടപ്പിലായ 2 0 0 4 മുതൽ അംശദായം ഒടുക്കേണ്ട 5 8 വയസു വരെയുള്ള തുക കണക്കാക്കുമ്പോൾ 8 ½ വർഷത്തെ അംശദായം മാത്രമാണ് ഒടുക്കിയിട്ടുള്ളത്. 2012-ൽ 58 വയസ്സ് തികഞ്ഞ ടിയാൻ പെൻഷൻ അപേക്ഷ സമർപ്പിച്ചത് 08.01.2021ലാണ്.

പദ്ധതി പ്രകാരം മിനിമം പത്ത് വർഷത്തെ അംശദായം ഒടുക്കേണ്ടതുണ്ട്. ഇതിനാൽ ബാക്കി 1½ വർഷത്തെ തുക കൂടി ഈടാക്കിക്കൊണ്ട് പെൻഷൻ അനുവദിക്കാവുന്നതാണോ?

**തീരുമാനം:** - മുൻ കാലങ്ങളിൽ മാനേജിംഗ് കമ്മിറ്റിയുടെ പരിശോധനയുടെ അടിസ്ഥാനത്തിലായിരുന്നു അംഗത്വം അനുവദിച്ചത്. ടിയാന്റെ സർവ്വീസ് പരിശോധിച്ച് മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ശിപാർശ ചെയ്യുന്നു.

**14) ശ്രീ എ ലക്ഷ്മണൻ- യുഎൻ.ഐ -സീനിയർ ടെക്നീഷ്യൻ**

31.01.2016-ൽ (60 വയസ്) വിരമിച്ചു. പെൻഷൻ ലഭിക്കുന്നതിനായി മുമ്പ് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ആവശ്യമായ രേഖകൾ ഒന്നും ഹാജരാക്കിയിരുന്നില്ല. 03.12.2019-ൽ പുതിയ അപേക്ഷ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും 19.07.2022-നാണ് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചത്. അസുഖം കാരണവും, താമസം മകളുടെ വീട്ടിലായിരുന്നതിനാലും വകുപ്പിൽ നിന്നുള്ള അറിയിപ്പുകൾ ലഭിച്ചിരുന്നില്ലെന്ന് കാലതാമസത്തിന് കാരണമായി അറിയിച്ചിട്ടുണ്ട്. 19,630/- രൂപ അംശദായ ഇനത്തിൽ അടച്ചിട്ടുണ്ട്. സമിതിയുടെ തീരുമാനത്തിന് മേൽ ഉത്തരവാകുന്ന തീയതി മുതൽ പെൻഷൻ അനുവദിക്കാവുന്നതാണോ?

**തീരുമാനം:-** അംഗീകരിയ്ക്കാവുന്നതാണ്.

**15) ശ്രീ കെ മോഹനൻ** - പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യ

01.09.1982-ൽ 'ജോലിയിൽ പ്രവേശിക്കുകയും 01.09.1983-ൽ സ്ഥിരപ്പെടുകയും ചെയ്തു. റിട്രഞ്ച്മെന്റിന്റെ ഭാഗമായി പ്രകാരം **01.11.2017-ൽ (52 വയസ്)** വിരമിച്ചു **34 വർഷത്തെ** സ്ഥിരം സർവ്വീസുണ്ട്. പെൻഷൻ പദ്ധതിയിൽ **26,550/-** രൂപ ഒടുക്കിയിട്ടുണ്ട്

**തീരുമാനം:** - മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് അനുസൃതമായി പെൻഷൻ അനുവദിക്കാവുന്നതാണ് .

**16) ശ്രീ ആർ ശ്രീരാഘവൻ - ദി ഹിന്ദു - സീനിയർ എഞ്ചിനീയർ -പ്രിന്റിംഗ്**

16.01.1986-ൽ ജോലിയിൽ പ്രവേശിക്കുകയും 16.07.1986-ൽ സ്ഥിരപ്പെട്ടു. സ്ഥാപനത്തിലെ പ്രത്യേക വിരമിക്കൽ പദ്ധതി പ്രകാരം 15.06.2018-ൽ (55 വയസ്) വിരമിച്ചു. 32 വർഷത്തെ സർവ്വീസുണ്ട്. 2019 ഫെബ്രുവരി വരെ 24,300/- രൂപ അംശദായം അടച്ചിട്ടുണ്ട്

എന്നാൽ 03.12.2021-ലെ സ.ഉ (സാധാ) നം. 192/2021/ഐ&പി.ആർ തീരുമാനം 3.(A) പ്രകാരം സാമ്പത്തിക പ്രതിസന്ധി/ സ്ഥാപനത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാരണത്താലോ പിരിച്ചുവിടപ്പെടുന്ന/ നിർബന്ധിതമായി വിരമിക്കേണ്ടി വരുന്ന/ സ്വമേധയാ വിരമിക്കേണ്ടി വരുന്ന 55 വയസ് കഴിഞ്ഞവർക്ക് സ്ഥിരം ജോലി ലഭിച്ചില്ലെങ്കിലും അംശദായം (കുടിശിക ഉണ്ടെങ്കിൽ അത് സഹിതം) തുടർന്ന് അടയ്ക്കുന്നതിന് അനുമതി നൽകി അർഹത അനുസരിച്ച് 100% അല്ലെങ്കിൽ 50% അല്ലെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ അനുവദിക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പത്രസ്ഥാപനത്തിലെ പ്രത്യേക വിരമിക്കൽ പദ്ധതി പ്രകാരം ഇദ്ദേഹം വിരമിച്ചത്55 വയസ് തികഞ്ഞതിനുശേഷമാണ്. ആയതിനാൽ 58 വയസ് വരെയുള്ള (2½ വർഷത്തെ) കടിശ്ശിക അടയ്ക്കുന്നതിന് അനുമതി നൽകി പെൻഷൻ അനുവദിക്കാവുന്നതാണോ

**തീരുമാനം:-** മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശ:ിപാർശ ചെയ്യുന്നു.

**17) ശ്രീ മഹേശ്വരൻ എൻ.എസ്-മാതൃഭൂമി-അസിസ്റ്റന്റ് എഞ്ചിനീയർ(ഇലക്ട്രിക്കൽ)**

10.10.1995-ൽ സ്ഥിരപ്പെട്ടു. 01.07.2015-ൽ (53 വയസ്) സ്വയം വിരമിച്ചു 06/2015 വരെ അംശദായ ഇനത്തിൽ ആകെ 16,350/- രൂപ ഒടുക്കിയിട്ടുണ്ട്. നിലവിലെ വ്യവസ്ഥകൾ പ്രകാരം സ്വയം വിരമിക്കുന്നവർക്ക് പെൻഷൻ നൽകാൻ വ്യവസ്ഥയില്ല പ്രസ്തുത

സാഹചര്യത്തിൽ, ശ്രീ മഹേശ്വരൻ എൻ എസ് അംശദായ ഇനത്തിൽ ഒടുക്കിയിട്ടുള്ള തുക തിരികെ നൽകാവുന്നതാണോ?

**തീരുമാനം:-** അംശദായ ഇനത്തിൽ ഒടുക്കിയിട്ടുള്ള തുക തിരികെ നൽകാവുന്നതാണ്.

**18) ശ്രീ തുളസീരാജ് പി -കേരളകൗമുദി - പേസ്റ്റപ്പ് അസിസ്റ്റന്റ്**

01.04.1986-ൽ ജോലിയിൽ പ്രവേശിക്കുകയും 01.01.1988-ൽ പത്രസ്ഥാപനത്തിൽ സ്ഥിരപ്പെട്ടു. 25.12.2022-ൽ ആരോഗ്യപരമായ കാരണങ്ങളാൽ വിരമിച്ചു 3 5 വർഷത്തെ സ്ഥിരം സർവ്വീസുണ്ട്. 03.12.2021-ലെ സ.ഉ (സാധാ) നം. 192/2021/ഐ&പി.ആർ തീരുമാനം 3.( B ) പ്രകാരം, ആരോഗ്യപരമായ കാരണങ്ങളാൽ വിരമിക്കുന്നവർ, ജോലിയിൽ തുടരാൻ കഴിയാത്ത വിധം ആരോഗ്യം ഇല്ലെന്ന് തെളിയിക്കുന്നതും സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഡോക്ടർ നൽകിയതുമായ മെഡിക്കൽ സർട്ടിഫിക്കറ്റാണ് ഹാജരാക്കേണ്ടത്.

സ്റ്റാർ കെയർ ഹോസ്പിറ്റലിന്റെ ഡെപ്യൂട്ടി മെഡിക്കൽ ഡയറക്ടർ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. സ്റ്റാർ കെയർ എന്ന പ്രൈവറ്റ് ഹോസ്പിറ്റലിലാണ് ആദ്യം ചികിത്സ തേടിയത്. അവിടുത്തെ ചികിത്സ ചെലവേറിയതായതിനാൽ ഇപ്പോൾ ആയുർവേദ ചികിത്സയിലാണെന്നും, അതിനാൽ വകുപ്പിൽ നിന്നും ആവശ്യപ്പെട്ട പ്രകാരമുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ കഴിയില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഇദ്ദേഹത്തിന്റെ 35 വർഷത്തെ സ്ഥിരം സർവ്വീസ് കണക്കിലെടുത്തും, 57-ാം വയസിലാണ് സ്വയം വിരമിച്ചതെന്നുമുള്ള വസ്തുത കണക്കിലെടുത്തും, പെൻഷൻ അനുവദിക്കാവുന്നതാണോ.

**തീരുമാനം:** - സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഡോക്ടർ നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കാവുന്നതാണെന്ന് തീരുമാനിച്ചു

**19) ശ്രീ രമേഷ് ബാബു സി -തേജസ്- അസിസ്റ്റന്റ് മെക്കാനിക്**

പത്രസ്ഥാപനം പൂട്ടിയതിനെത്തുടർന്ന് 31.12.2018-ൽ (5 2 വയസ്) വിരമിച്ചു. 46-ാം വയസിലാണ് (07.02.2012). 07.02.2013-ൽ സ്ഥിരപ്പെട്ടു. പത്രസ്ഥാപനത്തിലെ ആകെ സർവ്വീസ് കാലയളവ് 5 വർഷവും 11 മാസവുമാണ്. നിരസിക്കാവുന്നതാണ്.

**തീരുമാനം:** - മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് അനുസൃതമായി പെൻഷൻ അനുവദിക്കാവുന്നതാണ് .

**20) ശ്രീ കെ ജോർജ് പോൾ - മലയാള മനോരമ - ഫോട്ടോ ടൈപ്പ്സെറ്റിംഗ് ഓഫീസർ**

31.12.2007-ൽ (55 വയസ്) വിരമിച്ച ശ്രീ കെ ജോർജ് പോളിന് അംഗത്വം അനുവദിച്ച് പാസ് ബുക്ക് നൽകിയത് 08.10.2010-ലാണ്. പത്രസ്ഥാപനത്തിൽ 2 9 വർഷത്തെ സർവ്വീസുണ്ട്. 2010-ലും 2013-ലുമായി ടിയാൻ അംശദായ ഇനത്തിൽ 12,000/- രൂപ ഒടുക്കിയിട്ടുണ്ട്. 1,200/- രൂപ കൂടി അടയ്ക്കേണ്ടതുണ്ട്. പെൻഷൻ അപേക്ഷ സമർപ്പിച്ചത് 2021-ലാണ്. വിരമിച്ച ശേഷം അംശദായം അടയ്ക്കുന്നതിന് ഏതെങ്കിലും തരത്തിൽ അനുമതി കൊടുത്തിട്ടുണ്ടോ, എത്ര ഘട്ടമായി അംശദായം അടയ്ക്കുന്നതിനാണ് അനുമതി നൽകിയിരുന്നത് തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിരുന്നു. 2012-ൽ വകുപ്പിൽ

നിന്നുള്ള നിർദ്ദേശത്തിന്റെയടിസ്ഥാനത്തിലാണ് അംശദായം ഒടുക്കിയത് എന്നറിയിച്ചിട്ടുണ്ട്. കുടിശ്ശികത്തുക പലിശ സഹിതം ഒടുക്കുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കാവുന്നതാണോ?

**തീരുമാനം:-** ഫയൽ പരിശോധിച്ച് സമർപ്പിക്കുവാൻ ഉപസമിതി നിർദ്ദേശിച്ചു

**21) ശ്രീ. എസ്.കുമാർ - ദി ഹിന്ദു - സീനിയർ സർക്കുലേഷൻ ഓഫീസർ**

02.07.1996-ൽ സ്ഥിരപ്പെട്ടുകയും ചെയ്തു. സ്ഥാപനത്തിലെ പ്രത്യേക വിരമിക്കൽ പദ്ധതി പ്രകാരം 22.04.2015-ൽ (50 വയസ്) വിരമിച്ചു. 19 വർഷത്തെ സർവ്വീസുണ്ട്. അംശദായ ഇനത്തിൽ 15,900/- രൂപ ഒടുക്കിയിട്ടുണ്ട്. റിട്രഞ്ച്മെന്റ് അനുവദിച്ച ഉത്തരവ് ഹാജരാക്കിയിട്ടുണ്ട്. നിലവിലെ വ്യവസ്ഥകൾ പ്രകാരം പെൻഷൻ അനുവദിക്കാൻ കഴിയില്ല.

**തീരുമാനം:** - മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് അനുസൃതമായി പെൻഷൻ അനുവദിക്കാവുന്നതാണ് .

**22) ശ്രീ. സുരേഷ് കുമാർ - ന്യൂ ഇന്ത്യൻ എക്സ്പ്രസ് - സീനിയർ ക്ലാർക്ക്**

01.10.1984-ൽ ജോലിയിൽ പ്രവേശിച്ചു. ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 19.11.2014 മുതൽ 15 ദിവസത്തെ അവധിയിൽ പ്രവേശിക്കുകയും 06.11.2014-ൽ (49 വയസ്) സ്വയം വിരമിക്കുകയും ചെയ്തു. 2020 വരെ അംശദായം ഒടുക്കിയിട്ടുണ്ട് (29,550/- രൂപ). 30 വർഷത്തെ സർവ്വീസുണ്ട്. നിലവിലെ വ്യവസ്ഥകൾ പ്രകാരം പെൻഷൻ അനുവദിക്കാൻ കഴിയില്ല.

**തീരുമാനം:** - അംശദായ ഇനത്തിൽ ഒടുക്കിയ തിരികെ നൽകാവുന്നതാണെന്ന് ഉപസമിതി തീരുമാനിച്ചു.

**23) ശ്രീ. ബി.ജി. ബാബുചന്ദ്രൻ -ന്യൂ ഇന്ത്യൻ എക്സ്പ്രസ് - സീനിയർ ക്ലാർക്ക്**

13.06.1986-ൽ ജോലിയിൽ പ്രവേശിക്കുകയും 19.03.2008-ൽ (48വയസ്) സ്വയം വിരമിക്കുകയും ചെയ്തു. 2006-ൽ ടിയാന് അംഗത്വം അനുവദിച്ചിരുന്നുവെങ്കിലും തുക അടച്ചിരുന്നില്ല. 2016-ൽ 21683/-രൂപയും,2017-ൽ 1800/- രൂപയും അടച്ചു. അംശദായം അടച്ചുവരവേ അംഗത്വം റദ്ദായ ജോലിയിൽ തുടരുന്നവർക്ക് അംശദായം ഒടുക്കുന്നതിന് അനുമതി നൽകിയ സർക്കുലർ പ്രകാരമാണ് തുക ഒടുക്കിയത്.

2008-ൽ സ്വയം വിരമിച്ച ടിയാൻ 2016-ലും 2017-ലും അംശദായം ഒടുക്കിയത് വകുപ്പിൽ നിന്നുള്ള അനുമതിയുടെ അടിസ്ഥാനത്തിലല്ല. പദ്ധതിയുടെ ഉദ്ദേശ്യശുദ്ധിയെത്തന്നെ ബാധിക്കുന്ന ഇത്തരം പ്രവണത ഒഴിവാക്കേണ്ടതുണ്ട്. ഒടുക്കിയ തുക തിരികെ നൽകാവുന്നതാണ്.

**തീരുമാനം:** - അംശദായ ഇനത്തിൽ ഒടുക്കിയ തിരികെ നൽകാവുന്നതാണെന്ന് ഉപസമിതി തീരുമാനിച്ചു.

**24) ശ്രീ. ആർ. രാമചന്ദ്രൻ - പി.റ്റി.ഐ — അറ്റൻഡർ**

15.04.1982-ൽ ജോലിയിൽ പ്രവേശിക്കുകയും 31.05.2008-ൽ (60വയസ്) വിരമിക്കുകയും ചെയ്തു. ടിയാന് പദ്ധതിയിൽ അംഗത്വം അനുവദിച്ചിട്ടില്ല എന്നാൽ വിരമിച്ച് 10 വർഷത്തിനു ശേഷം *31.01.2018-ൽ 18,000/-* രൂപ അംശദായം ഒടുക്കുകയും, തനിക്ക് 70 വയസായെന്നും

പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ഒടുക്കിയ തുക തിരികെ നൽകാവുന്നതാണോ?

**തീരുമാനം:** - അംശദായ ഇനത്തിൽ ഒടുക്കിയ തിരികെ നൽകാവുന്നതാണെന്ന് ഉപസമിതി തീരുമാനിച്ചു.

<u>അജണ്ട - 2</u>

<u>ആശ്രിത പെൻഷൻ അനുവദിക്കുന്നത്</u>

**1) ശ്രീമതി ഹേമ എം W/o. Late അരവിന്ദാക്ഷൻ റ്റി**

അരവിന്ദാക്ഷൻ 19/10/1993-ൽ ജോലിയിൽ പ്രവേശിക്കുകയും 18/07/2020-ൽ ടിയാൻ മരണപ്പെടുകയുമുണ്ടായി. 27 വർഷത്തെ സർവ്വീസുണ്ട്. 2013 മുതൽ അർബുദ ബാധയെ തുടർന്ന് പെൻഷൻ വിഹിതം അടയ്ക്കാൻ കഴിഞ്ഞിട്ടില്ല. ജോലി ചെയ്യാനാകാത്ത വിധം അസുഖം വർധിച്ചതിനെത്തുടർന്ന് 2018 മുതൽ അവധിയിയെടുക്കുകയും 2020-ൽ (58-ാം വയസിൽ) മരണപ്പെടുകയും ചെയ്തു. 01/01/2004 മുതൽ 03/2013 വരെ 12,310/- രൂപ അംശദായമായി അടച്ചിട്ടുണ്ട്.

03/12/2021 ലെ സ.ഉ.(സാധാ) 192/2021/ഐ&പിആർ ഉത്തരവ് പ്രകാരം പത്തോ അതിൽ കൂടുതലോ വർഷം സർവ്വീസ് ഉള്ളവരുടെ നോമിനിയ്ക്ക് അർഹമായ പെൻഷൻ അനുവദിക്കാവുന്നതാണ് ടിയാന് 10 വർഷത്തിൽ കൂടുതൽ സർവ്വീസുണ്ട്. എന്നാൽ 04/2013 മുതൽ മരണപ്പെട്ട 07/2020 വരെയുള്ള അംശദായം അടച്ചിട്ടില്ല. മാനുഷിക പരിഗണന നല്കി അംശദായ കുടിശ്ശിക ഈടാക്കിക്കൊണ്ട് വ്യവസ്ഥകളോടെ ആശ്രിത പെൻഷൻ അനുവദിക്കാവുന്നതാണോ?

**തീരുമാനം:-** അംശദായ കുടിശ്ശിക ഈടാക്കിക്കൊണ്ട് പ്രത്യേക കേസായി പരിഗണിച്ച് പെൻഷൻ അനുവദിക്കാവുന്നതാണോയെന്നതിൽ അനുമതിയ്ക്കായി മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ തീരുമാനിച്ചു.

2) **ശ്രീമതി കെ.എം. ലളിത W/o രവി വി**

മാതൃഭൂമി പത്രസ്ഥാപനത്തിലെ വി ഡി യു ഓപ്പറേറ്റർ ഗ്രേഡ്- **I** തസ്തികയിൽ ജോലി ചെയ്തിരുന്ന **രവി വി 07.12.2016**-ൽ (45വയസ്) മരണപ്പെട്ടു. 30.08.1995-ൽ ജോലിയിൽ പ്രവേശിച്ച ഇദ്ദേഹത്തിന് മാധ്യമ സ്ഥാപനത്തിൽ **21 വർഷത്തെ സർവ്വീസ്** ഉണ്ട്.

01.01.2004 മുതൽ മരണപ്പെടുന്നതു വരെയുള്ള കാലയളവിലെ ആകെ അംശദായം 19,050/- രൂപ ഒടുക്കേണ്ടതുണ്ട്. അംശദായ ഇനത്തിൽ 15,750/- രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ 2013 ഏപ്രിൽ മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം റദ്ദായിരിക്കുകയാണ് മാനുഷിക പരിഗണന നൽകി അംശദായ കുടിശ്ശിക ഈടാക്കിക്കൊണ്ട് വ്യവസ്ഥകളോടെ ആശ്രിത പെൻഷൻ

അനുവദിക്കാവുന്നതാണോ?

**തീരുമാനം:** - അംശദായ കുടിശ്ശിക ഈടാക്കിക്കൊണ്ട് പ്രത്യേക കേസായി പരിഗണിച്ച് പെൻഷൻ അനുവദിക്കാവുന്നതാണോയെന്നതിൽ അനുമതിയ്ക്കായി മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ തീരുമാനിച്ചു.

3) **ശ്രീമതി എൽസമ്മ W/o ടി.എം. കൊച്ചുമോൻ**

പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ V-277 ആയി അംഗത്വമുണ്ടായിരുന്ന ടി.എം. കൊച്ചുമോൻ 2004 ജനുവരി മുതൽ 2020 ജൂൺ വരെ പദ്ധതിയിൽ അംശദായം ഒടുക്കിയിട്ടുണ്ട്. 05.08.2022-ൽ ടിയാൻ മരണപ്പെടുകയും ചെയ്തു. 2020 ജൂലൈ മുതൽ പദ്ധതിയിലെ അംഗത്വം റദ്ദായിട്ടുണ്ട്.

അംഗം മരണപ്പെട്ടതിനു ശേഷം കുടിശ്ശിക ഒടുക്കുന്നതിന് അനുമതി നൽകണമെന്നും, ആശ്രിത പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ടും ടിയാന്റെ ഭാര്യ ശ്രീമതി എൽസമ്മ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഹാജരാക്കിയിട്ടുള്ള എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് പരിശോധിച്ചതിൻ പ്രകാരം ടിയാന് പത്രസ്ഥാപനത്തിൽ 21 വർഷത്തെ സർവ്വീസുണ്ട്. മാനുഷിക പരിഗണന നൽകി അംശദായ കുടിശ്ശിക ഈടാക്കിക്കൊണ്ട് വ്യവസ്ഥകളോടെ ആശ്രിത പെൻഷൻ അനുവദിക്കാവുന്നതാണോ?

**തീരുമാനം:** - അംശദായ കുടിശ്ശിക ഈടാക്കിക്കൊണ്ട് പ്രത്യേക കേസായി പരിഗണിച്ച് പെൻഷൻ അനുവദിക്കാവുന്നതാണോയെന്നതിൽ അനുമതിയ്ക്കായി മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ തീരുമാനിച്ചു.

4) **ശ്രീമതി ഹേമ എം.വി W/o ഉദയ്ദേവ് കാളൂർ**

'മലയാള മനോരമ'യിലെ സർക്കുലേഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ഉദയ്ദേവ് കാളൂർ 23.05.2017-ൽ (53 വയസ്) മരണപ്പെട്ടു. പത്രസ്ഥാപനത്തിൽ 17 വർഷത്തെ സർവ്വീസുണ്ട്. 2016 ഡിസംബർ വരെ പദ്ധതിയിൽ അംശദായം ഒടുക്കിയിട്ടുണ്ട്. 2017 ജനുവരി മുതൽ അംഗത്വം റദ്ദായിട്ടുണ്ട്. മാനുഷിക പരിഗണന നൽകി അംശദായ കുടിശ്ശിക ഈടാക്കിക്കൊണ്ട് വ്യവസ്ഥകളോടെ ആശ്രിത പെൻഷൻ അനുവദിക്കാവുന്നതാണോ?

**തീരുമാനം:** - അംശദായ കുടിശ്ശിക ഈടാക്കിക്കൊണ്ട് പ്രത്യേക കേസായി പരിഗണിച്ച് പെൻഷൻ അനുവദിക്കാവുന്നതാണ്. അനുമതിയ്ക്കായി മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ തീരുമാനിച്ചു.

5) **ശ്രീമതി ഉഷാകുമാരി W/oകെ ആർ സതീഷ് കുമാർ**

ദേശാഭിമാനി പത്രസ്ഥാപനത്തിലെ അസിസ്റ്റന്റ് പ്രിന്ററായിരുന്ന കെ ആർ സതീഷ് കുമാർ 22.02.2010-ൽ മരണപ്പെട്ടു. 2 0 വർഷത്തെ സർവ്വീസുണ്ട്. ടിയാൻ മരണപ്പെട്ടതിന് ശേഷം 17.07.2014- ൽ ഇദ്ദേഹത്തിന്റെ പേരിൽ ഒറ്റത്തവണയായി അംശദായം അടച്ചിട്ടുണ്ട്

2009 മുതൽ രോഗം ബാധിച്ച് ചികിത്സയിലായിരുന്നതിനാൽ അംശദായം അടയ്ക്കാൻ

കഴിഞ്ഞിരുന്നില്ലെന്നും പിന്നീട് പത്രസ്ഥാപനത്തിൽ നിന്ന് ലഭിച്ച തുകയിൽ നിന്ന് അംശദായം അടയ്ക്കുകയായിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. സതീഷ് കുമാർ മരണപ്പെട്ടതിന് ശേഷമാണ് അംശദായം ഒടുക്കിയത്. എന്നാൽ വകുപ്പിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലല്ല അംശദായം അടച്ചത്.

**തീരുമാനം:** - അംശദായ ഇനത്തിൽ ഒടുക്കിയ തുക തിരികെ നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

<u>അജണ്ട -3</u>

<u>സ്വയം വിരമിച്ചവർ/ ഒറ്റത്തവണ പോലും അംശദായം അടയ്ക്കാത്തവർ - അംശദായം ഒടുക്കുന്നതിനുള്ള അനുമതി</u>

**1) ശ്രീ നിജു ജെ കളത്തിൽ - മലയാള മനോരമ — പായ്യൂർ**

01.01.1998-ൽ ജോലിയിൽ പ്രവേശിക്കുകയും, 01.01.1999-ൽ സ്ഥിരപ്പെട്ടുകയും ചെയ്തു. ഇദ്ദേഹത്തിന് 2010-ൽ അംഗത്വം അനുവദിച്ച് നൽകിയെങ്കിലും ഒരു തവണ പോലും അംശദായം അടച്ചിട്ടില്ല. അംഗത്വം പുന:സ്ഥാപിക്കുന്നതിനായി ഇദ്ദേഹം 2017-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. 2014, 2016, 2018 വർഷങ്ങളിൽ അംശദായം അടച്ച് അംഗത്വം പുന:സ്ഥാപിക്കുന്നതിനായി നൽകിയിരുന്ന പൊതു അവസരങ്ങൾ അപേക്ഷകൻ പ്രയോജനപ്പെടുത്തിയിരുന്നില്ല. അതിനാൽ അംഗത്വം പുന:സ്ഥാപിക്കണമെന്നുള്ള അപേക്ഷ നിരസിക്കുകയും, വിവരം അപേക്ഷകനെ അറിയിക്കുകയും ചെയ്തിരുന്നു.

ഈ തീരുമാനത്തിനെതിരെ ടിയാൻ അപ്പീൽ അപേക്ഷ സമർപ്പിച്ചു ഇതിന്റെയടിസ്ഥാനത്തിൽ അപേക്ഷകനെ നേരിൽ കേട്ടു. പ്രസ്തുത കാലയളവിൽ പിതാവിന്റെ ചികിത്സാവശ്യാർത്ഥം പല ആശുപത്രികളിൽ പോകേണ്ടി വന്നെന്നും, സ്ഥലം മാറ്റം, പിതാവിന്റെ മരണം, തുടർന്ന് മാതാവും ഗുരുതരമായ കരൾ രോഗത്തെ തുടർന്ന് കിടപ്പിലായ സാഹചര്യം എന്നീ കാരണങ്ങളാലാണ് തുക അടക്കാൻ കഴിയാതിരുന്നതെന്ന് അദ്ദേഹം അറിയിച്ചു. നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ തീരുമാനമായിട്ടുണ്ട്.

**തീരുമാനം:** - മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി അംശദായ ഇനത്തിൽ ഒടുക്കിയ തുക തിരികെ നൽകാവുന്നതാണ്.

**2) ശ്രീ അനിൽ കെ വി - കേരളകൗമുദി -സീനിയർ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്**

31.12.2012-ൽ ( 51 വയസ് ) മെഡിക്കൽ ഗ്രൗണ്ടിൽ സ്വയം വിരമിച്ചു. 20 വർഷത്തെ സർവ്വീസുണ്ട്. 2004 മുതൽ ടിയാൻ 2010 ഒക്ടോബർ വരെ അംശദായം (7000/- രൂപ) അടച്ചു. 2011 മുതലുള്ള കുടിശ്ശികത്തുക പലിശ സഹിതം അടയ്ക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷ 24.06.2021-ൽ ചേർന്ന പത്രപ്രവർത്തകേതര പെൻഷൻ ഉപസമിതിയോഗത്തിൽ പരിഗണിച്ചിരുന്നു. ചട്ട പ്രകാരം അർഹതയില്ലാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിക്കാൻ 03.12.2021-ലെ സ.ഉ (സാധാ) നം. 190/2021/ഐ&പി.ആർ പ്രകാരം ഉത്തരവാകുകയും ചെയ്തു.

അംഗത്വം റദ്ദായവർക്ക് അംശദായം ഒടുക്കുന്നതിന് 2014, 2016, 2018 വർഷങ്ങളിൽ പൊതു അവസരം നൽകിയിരുന്നു. പത്രസ്ഥാപനത്തിൽ ജോലിയിൽ ഇല്ലാതിരുന്നതിനാൽ ഇതിനെക്കുറിച്ചൊന്നും അറിഞ്ഞിരുന്നില്ലെന്നും, ആയതിനാൽ അപ്പീൽ അപേക്ഷയിൽ ഉചിതമായ തീരുമാനമെടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അപേക്ഷകനെ നേരിൽ കേട്ടതിന്റെയടിസ്ഥാനത്തിൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ തീരുമാനമായിട്ടുണ്ട്.

**തീരുമാനം:** - മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി അംശദായ ഇനത്തിൽ ഒടുക്കിയ തുക തിരികെ നൽകാവുന്നതാണ്.

**<u>3) ശ്രീ ഹരികുമാർ എൻ- ദി ഹിന്ദു - സീനിയർ ഡെപ്യൂട്ടി മാനേജർ</u>**

28.02.1997-ൽ ജോലിയിൽ പ്രവേശിച്ചു, 28.08.1997-ൽ സ്ഥിരപ്പെട്ടു. 30.11.2017-ൽ (55 വയസിൽ) സ്വയം വിരമിച്ചു. ഹിന്ദു പത്രസ്ഥാപനത്തിലെ വിരമിക്കൽ പ്രായം 60 വയസാണ്. പത്രസ്ഥാപനത്തിൽ 20 വർഷത്തെ സർവ്വീസുണ്ട്. 2004 ജനുവരി മുതൽ 2018 ഡിസംബർ വരെ അംശദായം അടച്ചിട്ടുണ്ട്.

പദ്ധതിയിൽ 2019 മുതലുള്ള അംശദായ കുടിശ്ശിക അടയ്ക്കുന്നതിന് അനുമതിയ്ക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. സ്വയം വിരമിച്ചവർക്ക് അംശദായം ഒടുക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല അംശദായം തിരികെ നൽകാവുന്നതാണ്.

**തീരുമാനം:** - മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി അംശദായ ഇനത്തിൽ ഒടുക്കിയ തുക തിരികെ നൽകാവുന്നതാണ്.

**4) ശ്രീമതി ലെയ്സി കെവിൻ -ന്യൂ ഇന്ത്യൻ എക്സ്പ്രസ്- അസിസ്റ്റന്റ് മാനേജർ -അക്കൗണ്ട്സ് - എച്ച്2/291/2022**

01.04.2007-ൽ ജോലിയിൽ പ്രവേശിച്ചു 09.05.2018-ൽ (47 വയസ്) സ്വയം വിരമിച്ചു. അംശദായ ഇനത്തിൽ 14,220/- രൂപ ഒടുക്കിയിട്ടുണ്ട്. 09.05.2018-ൽ വിരമിച്ചുവെങ്കിലും 01/2020 വരെ അംശദായം അടച്ചിട്ടുണ്ട്. പത്രസ്ഥാപനത്തിൽ **11** വർഷത്തെ സർവീസ് ഉണ്ട് തുടർന്നും അംശദായം അടയ്ക്കുന്നതിന് അനുമതി നൽകണമെന്നാണ് ആവശ്യം. മെഡിക്കൽ ഗ്രൗണ്ടിലാണ് വിരമിച്ചതെന്ന് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരുന്നതിനാൽ, ചികിത്സാസംബന്ധമായ രേഖകളും, അംശദായം ഒടുക്കിയത് സംബന്ധിച്ച വിശദീകരണവും ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. ചികിത്സ തുടരുന്നു എന്ന് കാണിക്കുന്ന രേഖ ഹാജരാക്കിയിട്ടുണ്ട്. സ്ഥിരപ്പെടുത്തിയതിനു ശേഷം പെൻഷൻ അംഗത്വത്തിനു വേണ്ടി അപേക്ഷിച്ചെങ്കിലും കുറേ നാളുകൾക്ക് ശേഷമാണ് അംഗത്വം ലഭിച്ചതെന്നും, 2020 ജനുവരി വരെ അംശദായം ഓഫീസിൽ നിന്ന് കൊടുത്തു വിട്ട് അടയ്ക്കുകയായിരുന്നു എന്നുമാണ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. 09.05.2018-ൽ സ്വയം വിരമിച്ച അപേക്ഷകയ്ക്ക് പത്രസ്ഥാപനത്തിൽ നിന്നും എങ്ങനെയാണ് അംശദായം അടച്ചതെന്നതിൽ വ്യക്തതയില്ല. പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ സമർപ്പിച്ചിട്ടുള്ള മറ്റൊരപേക്ഷയും വകുപ്പിൽ നിലവിലുണ്ട്. സ്വയം വിരമിച്ചവർക്ക് അംശദായം ഒടുക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല അംശദായം തിരികെ നൽകാവുന്നതാണ്.

**തീരുമാനം:** - മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി അംശദായ ഇനത്തിൽ ഒടുക്കിയ തുക തിരികെ നൽകാവുന്നതാണ്.

5) **ശ്രീ കെ പി ചെയ്സൺ -ന്യൂ ഇന്ത്യൻ എക്സ്പ്രസ്- അസിസ്റ്റന്റ് മാനേജർ**

10.11.1989-ൽ ജോലിയിൽ പ്രവേശിച്ചു. 10.05.1990-ൽ സ്ഥിരപ്പെട്ടു. അസിസ്റ്റന്റ് മാനേജർ തസ്തികയിൽ നിന്ന് 10.11.2011-ൽ (47 വയസ്) ആരോഗ്യപരമായ കാരണങ്ങളാൽ സ്വയം വിരമിച്ചു. അപേക്ഷകന് പത്രസ്ഥാപനത്തിൽ 21 വർഷത്തെ സർവ്വീസ് ഉണ്ട് 2011-ൽ വിരമിച്ച ഇദ്ദേഹം 2020 ജനുവരി വരെ (56 വയസ് വരെ) അംശദായം അടച്ചു. ( 26,365/- രൂപ). മെഡിക്കൽ രേഖകൾ സമർപ്പിച്ചിട്ടില്ല അതിനാൽ തുക തിരികെ നൽകാവുന്നതാണോ?

**തീരുമാനം:** - മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി അംശദായ ഇനത്തിൽ ഒടുക്കിയ തുക തിരികെ നൽകാവുന്നതാണ്.

6) **ശ്രീ ജോയ് ജോസഫ് -എച്ച്2/288/2022/ഐ&പിആർ**

പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വവും പെൻഷനും അനുവദിക്കുന്നതിനായി ശ്രീ ജോയ് ജോസഫ് അപേക്ഷ സമർപ്പിച്ചിരുന്നു. എം.എം. പബ്ലിക്കേഷൻസിൽ ക്ലറിക്കൽ തസ്തികയിൽ ജോലി ചെയ്തിരുന്ന ടിയാന് ചട്ടപ്രകാരം പെൻഷന് അർഹതയില്ല. ടിയാന്റെ അപേക്ഷകൾ 24.06.2021-ൽ ചേർന്ന പത്രപ്രവർത്തകേതര പെൻഷൻ ഉപസമിതി യോഗത്തിൽ പരിഗണിക്കുകയും, എം.എം. പബ്ലിക്കേഷൻസ് ചട്ടപ്രകാരമുള്ള വാർത്താധിഷ്ഠിത പ്രസിദ്ധീകരണങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനം അല്ല എന്നതിനാൽ അപേക്ഷ നിരസിക്കാവുന്നതാണെന്ന് 03.12.2021-ലെ സ.ഉ (സാധാ) നം. 190/2021/ ഐ&പി.ആർ പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. പ്രസ്തുത തീരുമാനത്തിനെതിരെ, അപ്പീൽ അപേക്ഷ സമർപ്പിച്ചു. അപ്പീൽ അപേക്ഷയിൽ തീരുമാനത്തിനായി.

**തീരുമാനം:** - മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി അംശദായ ഇനത്തിൽ ഒടുക്കിയ തുക തിരികെ നൽകാവുന്നതാണ്.

**7) ശ്രീ സുനീഷ് എം.- മാതൃഭൂമി ബുക്ക്സ്-കസ്റ്റമർ റിലേഷൻഷിപ്പ് എക്സിക്യൂട്ടീവ്- 408/2022**

ജനനത്തീയതി -27.04.1987. 10.08.2012-ജോലിയിൽ പ്രവേശിച്ചു. 10.02.2013-ൽ സ്ഥിരപ്പെട്ടു. 14.02.2022-ലെ എച്ച്2/161/2020/ഐ&പി.ആർ നമ്പർ കത്ത് പ്രകാരം 2022 മാർച്ച് 31-നകം അംശദായ കുടിശ്ശിക അടയ്ക്കണമെന്ന നിർദ്ദേശത്തോടെ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തീയതിയ്ക്കകം അംശദായം അടയ്ക്കാൻ കഴിഞ്ഞില്ലെന്നും, കുടിശ്ശിക ഒടുക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചു. എന്നാൽ ശ്രീ സുനീഷ് എം. ഹാജരാക്കിയിട്ടുള്ള പേ സ്ലിപ് പ്രകാരം ടിയാൻ മാതൃഭൂമി ബുക്ക് സ്റ്റാളിൽ കസ്റ്റമർ റിലേഷൻഷിപ്പ് എക്സിക്യൂട്ടീവ് ആയാണ് ജോലി ചെയ്യുന്നതെന്ന് മനസ്സിലാകുന്നു. ഇതിൻ പ്രകാരം ടിയാന് അംഗത്വം അനുവദിച്ച ഫയലും (എച്ച്2/160/2021) പരിശോധിക്കുകയുണ്ടായി. ടിയാൻ സമർപ്പിച്ചിരുന്ന എംപ്ലോയ്മെന്റ്

സർട്ടിഫിക്കറ്റിലും മാതൃഭൂമി ബുക്ക്സിലാണ് ജോലി ചെയ്യുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് ( സെയിൽസ് അസിസ്റ്റന്റ് ).

ജോലി ചെയ്യുന്നത് പത്രസ്ഥാപനത്തിൽ അല്ലാതിരുന്നിട്ടും നോൺ ജേണലിസ്റ്റ് ജീവനക്കാരനെന്നാണ് മാനേജ്മെന്റ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാന് അംഗത്വം അനുവദിച്ച തീരുമാനം റദ്ദാക്കാവുന്നതാണോ.

**തീരുമാനം:** - അപേക്ഷകന്റെ നിയമന ഉത്തരവ് പരിശോധിച്ചതിനുശേഷം ഫയലിൽ തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു.

**8) ശ്രീ. പത്മകുമാർ എസ്. — 25/2023**

ശ്രീ. പത്മകുമാർ എസ്. പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ ചട്ടവിരുദ്ധമായി പദ്ധതിയിൽ തുടരുന്നുവെന്നാരോപിച്ച് പരാതി ലഭിച്ചിരുന്നു. ഇതിൻ പ്രകാരം പെൻഷൻ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ 14.03.2023-ൽ പത്മകുമാറിനെ നേരിൽ കേട്ടു.

ശ്രീ പത്മകുമാർ (ജനനത്തീയതി 31.05.1973) ദി ഹിന്ദു പത്രസ്ഥാപനത്തിൽ 2000 ഒക്ടോബറിൽ അഡ്വർടൈസ്മെന്റ് ഓഫീസറായി ജോലിയിൽ പ്രവേശിക്കുകയും 12.04.2001-ൽ സ്ഥിരപ്പെടുകയും ചെയ്തു. 01/2004 മുതൽ 12/2014 വരെയുള്ള അംശദായം 22.07.2014-ൽ ഒടുക്കി പാസ് ബുക്ക് കൈപ്പറ്റുകയും തുടർന്ന് അംശദായം അടച്ചു വരികയുമാണ്. 2018 ഒക്ടോബർ 31-ന് (45 വയസ്) ഹിന്ദുവിൽ നിന്ന് രാജി വച്ചു. നിലവിൽ ന്യൂ ഇന്ത്യൻ എക്സ്പ്രസിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു. നിലവിൽ 51 വയസുണ്ട്.

ശ്രീ പത്മകുമാറിന് പത്രസ്ഥാപനത്തിൽ 17 വർഷം സ്ഥിരം സർവ്വീസ് ഉണ്ട്. കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പത്രപ്രവർത്തകേതര ജീവനക്കാർക്ക് അംശദായം ഒടുക്കാൻ നിലവിൽ അനുമതിയില്ല. അംശദായ ഇനത്തിൽ ഒടുക്കിയ തുക തിരികെ നൽകാവുന്നതാണോ?

**തീരുമാനം:** - നിലവിലെ പത്രസ്ഥാപനത്തിലെ നിയമനം സ്ഥിരമാണോയെന്ന് പരിശോധിച്ച് ഫയലിൽ തുടർനടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

**9) സുനിൽ കുമാർ ജി സി -ന്യൂ ഇന്ത്യൻ എക്സ്പ്രസ്**

ന്യൂ ഇന്ത്യൻ എക്സ്പ്രസിൽ (എക്സ്പ്രസ് പബ്ലിക്കേഷൻസ് മധുരൈ ലിമിറ്റഡ്) നിന്ന് 2014-ൽ (44 വയസ്) സ്വയം വിരമിച്ചു. ന്യൂ ഇന്ത്യൻ എക്സ്പ്രസിൽ 17 വർഷത്തെ സർവ്വീസുണ്ടെന്നും, 2014 വരെ മുടങ്ങാതെ അംശദായം അടച്ചുവെന്നും, ആയതിനാൽ തുടർന്നും അംശദായം ഒടുക്കാൻ അനുമതി നൽകണമെന്നുമാണ് അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ളത്. ആരോഗ്യപരമായ കാരണത്താലാണോ വിരമിച്ചത്, ഇദ്ദേഹത്തിന്റെ സർവ്വീസ് കാലയളവ്, അംശദായം അടച്ചത് എന്നിവ സംബന്ധിച്ചുള്ള രേഖകളൊന്നും അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 11/2022-ൽ കത്ത് നൽകിയിരുന്നു. മറുപടി ലഭ്യമായിട്ടില്ല. അംശദായം തിരികെ നൽകാവുന്നതാണോ?

**തീരുമാനം:**- രേഖകൾ ഹാജരാക്കാൻ അപേക്ഷകന് നിർദ്ദേശം നൽകാവുന്നതാണ്

10) **ശ്രീ.അനൂപ്.എസ്.എസ് - കേരളകൗമുദി**

കേരളകൗമുദിയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം ലഭിക്കുകയും 2013 മുതൽ 2018 വരെ അംശദായം അടയ്ക്കുകയും അതിനു ശേഷം മെട്രൊ വാർത്തയിൽ ചേർന്നു. അംഗത്വ പുന:സ്ഥാപനത്തിനായി അപേക്ഷ സമർപ്പിച്ചപ്പോൾ, നിലവിൽ ചെയ്യുന്ന സ്ഥാപനമായ മെട്രോ വാർത്ത എന്ന സ്ഥാപനത്തിന്റെ തൊഴിൽ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ആയതിൽ **വാർത്താ ന്യൂസ് നെറ്റ് വർക്ക് പ്രൈവറ്റ് ലിമിറ്റഡി**ലെ ജീവനക്കാരനാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട് മെട്രൊ വാർത്തയുടെ പ്രസാധകരാണ് 'വാർത്താ ന്യൂസ് നെറ്റ് വർക്ക് പ്രൈവറ്റ് ലിമിറ്റഡ് ' എന്നും ഇക്കാര്യം രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പേഴ്സിനെയും, ഹൈക്കോടതിയെയും തൊഴിൽ വകുപ്പിനെയും അറിയിച്ചിട്ടുണ്ടെന്നും അപേക്ഷയിൽ സൂചിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ 5 ജില്ലകളിലെ എഡിഎമ്മിന് സമർപ്പിച്ചിട്ടുള്ള ഡിക്ലറേഷനിൽ ഇക്കാര്യം സമർപ്പിച്ചിട്ടുണ്ടെന്നും അത് അംഗീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കേരളത്തിലെ മറ്റ് വാർത്താ മാധ്യമങ്ങളിലേതു പോലെ 'മെട്രൊ വാർത്ത'യും ഒരു പ്രസാധക സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നതിനാൽ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിലെ അംഗത്വം പുന:സ്ഥാപിച്ച് നൽകണമെന്നാണ് ആവശ്യം.

**തീരുമാനം:-** 'വാർത്താ ന്യൂസ് നെറ്റ് വർക്ക് പ്രൈവറ്റ് ലിമിറ്റഡ്' എന്നത് മെട്രൊ വാർത്തയുടെ പ്രസാധകരാണെന്നും പ്രസ്തുത വിവരം തൊഴിൽ വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്. അതിനാൽ തൊഴിൽ വകുപ്പിൽ നിന്നും അഭിപ്രായം ആരായാൻ തീരുമാനിച്ചു.

**<u>അജണ്ട 4 - ആശ്രിത പെൻഷണർ മരണപ്പെട്ടതിനാൽ മരണത്തീയതി വരെയുള്ള തുക അവകാശിക്ക് അനുവദിക്കുന്നത്</u>**

1 ) പത്രപ്രവർത്തകേതര പെൻഷൻ കൈപ്പറ്റിയിരുന്ന **രാജൻ നായർ** 28.06.2021-ൽ മരണപ്പെട്ടതിനെത്തുടർന്ന് ടിയാന്റെ ഭാര്യ **ശാന്ത വി**-യ്ക്ക് ആശ്രിത പെൻഷൻ അനുവദിച്ച് ഉത്തരവായി. 17.02.2023-ലെ സ.ഉ (സാധാ) നം. 15/2023/ഐ&പി.ആർ-ലെ വ്യവസ്ഥയ്ക്ക് വിധേയമായി കുടിശ്ശിക സഹിതമാണ് പെൻഷൻ അനുവദിച്ചത്. എന്നാൽ പെൻഷൻ ഉത്തരവ് കൈപ്പറ്റുന്നതിന് മുമ്പ് ശാന്ത വി മരണപ്പെട്ടു. ഇക്കാരണത്താൽ ശാന്ത വി മരണപ്പെട്ടതു വരെയുള്ള തുകയായ 36,250/- രൂപ (07/2021 - 11/2023= 29x1250), ശാന്തയുടെ മകളായ ഷൈന. ഇ -യ്ക്ക് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്

**തീരുമാനം:-** പ്രസ്തുത തുക പരേതയുടെ അവകാശികൾക്ക് അനുവദിക്കാൻ തീരുമാനിച്ചു

**<u>അജണ്ട -5</u>**

**അംശാദായ ഇനത്തിൽ അധികമായി അടച്ച തുക തിരിച്ചു നൽകുന്നതു സംബന്ധിച്ച്**

അംശാദായ ഇനത്തിൽ അധികമായി അടച്ച തുക തിരിച്ചു നൽകുന്നതു സംബന്ധിച്ച് പെൻഷൻ പദ്ധതി രൂപീകരണ ഉത്തരവിലും പെൻഷൻ മാനേജിംഗ് കമ്മിറ്റി/സബ് കമ്മിറ്റി തീരുമാനങ്ങളിലും നിലവിൽ നിർദ്ദേശങ്ങൾ/വ്യവസ്ഥകൾ ഇല്ലാത്ത സാഹചര്യത്തിൽ

അധികമായി അടച്ച തുക തിരിച്ചു നൽകാൻ നിർവ്വാഹമില്ല.

**തീരുമാനം:** - നിലവിൽ വ്യവസ്ഥയില്ല. പത്രപ്രവർത്തകേതര പെൻഷൻ പരിഷ്കരണം സംബന്ധിച്ച ഫയലിൽ തീരുമാനമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിയ്ക്കുന്നതാണെന്ന് തീരുമാനിച്ചു.

<u>അജണ്ട 6 -വിരമിച്ചവർക്ക് അംഗത്വം അനുവദിക്കുന്നത് സംബന്ധിച്ച്</u>

അംഗത്വം അനുവദിക്കുന്നതിന് മുമ്പായി വിരമിച്ച 50-ഓളം പേരുടെ അപേക്ഷകൾ വകുപ്പിൽ നിലവിലുണ്ട്. ഇത്തരം അപേക്ഷകളിൽ നിലവിൽ ഫയൽ നടപടി ആരംഭിച്ചിരുന്ന 4 പേരെ ഹിയറിംഗ് നടത്തി. മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനമായിട്ടുണ്ട്

**തീരുമാനം:** - ഈ വിഷയം സംബന്ധിച്ച് സംഘടന നിവേദനം നൽകുകയാണെങ്കിൽ മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ സമിതി തീരുമാനിച്ചു.

<u>അജണ്ട – 7</u>

<u>റിട്ട് പെറ്റീഷനുകളിലെ തീരുമാനം</u>

<u>1) WP(C) 19611/2019 - രാഷ്ട്രദീപിക</u>

ശ്രീ വർക്കി ഉൾപ്പെടെയുള്ള 58 ജീവനക്കാർക്ക് പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ WP(C) 19611/2019 നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു.

രാഷ്ട്രദീപിക പത്രസ്ഥാപനത്തിൽ നിന്നും 2005-ൽ നിർബന്ധിത വി.ആർ.എസ് എടുത്തവർക്ക് പെൻഷൻ അനുവദിക്കുന്ന വിഷയം 16.05.2012-ൽ ചേർന്ന പെൻഷൻ മാനേജിംഗ് കമ്മിറ്റി പരിശോധിക്കുകയും , ജീവനക്കാരുടെ അംഗത്വം /പെൻഷൻ സംബന്ധിച്ചുള്ള ഫയൽ രേഖകൾ പരിശോധിച്ച് അർഹതയ്ക്കനുസരിച്ച് പെൻഷൻ അനുവദിക്കുന്നതിന് തീരുമാനമായി. തുടർന്ന് 03.06.2014-ൽ ചേർന്ന കമ്മിറ്റി യോഗത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് 16.05.2012-ൽ കൂടിയ പെൻഷൻ കമ്മിറ്റി മിനിറ്റ്സും ബന്ധപ്പെട്ട ഉത്തരവുകളും പരിശോധിച്ച് അടുത്ത കമ്മിറ്റിയിൽ സമർപ്പിക്കാൻ തീരുമാനിച്ചു. പിന്നീട് 26.06.2015-ന് ചേർന്ന പെൻഷൻ കമ്മിറ്റി രാഷ്ട്രദീപികയിലെ പ്രശ്നങ്ങൾ തല്ക്കാലം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

തുടർന്ന് ഇവർക്ക് പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള നോൺ ജേണലിസ്റ്റ് പെൻഷണേഴ്സ് അസോസിയേഷൻ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ 04.02.2000-ലെ സ.ഉ (പി) 2/2000/പി.ആർ -ലെ വ്യവസ്ഥ 22-ലെ അധികാരം ഉപയോഗിച്ച് ടി ഉത്തരവിലും റൂൾ 3 (എ),(ഇ) എന്നീ വകുപ്പുകളിൽ ഇളവ് അനുവദിച്ചുകൊണ്ട് രാഷ്ട്രദീപികയിൽ നിന്നും വി.ആർ.എസ്. എടുത്ത 58 പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകി പെൻഷൻ അനുവദിച്ച് നൽകുവാൻ ബഹു. മുൻമുഖ്യമന്ത്രി ഉത്തരവായിരുന്നു. ആയതിൻപ്രകാരം 04.03.2016-ലെ സ.ഉ (സാധാ) നം. 111/2016/ഐ&പി.ആർ പ്രകാരം ഉത്തരവാകുകയും ചെയ്തു. പ്രസ്തുത ഉത്തരവിന്റെ ഒരു പകർപ്പ് ബഹു. മുൻവകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്ന് ആവശ്യപ്പെട്ടതനുസരിച്ച് നൽകിയിരുന്നു. ബാക്കിയുള്ള പകർപ്പുകൾ ബന്ധപ്പെട്ടവർക്ക് നൽകിയിരുന്നില്ല. ഈ ഉത്തരവിനെക്കുറിച്ച് പത്രവാർത്ത വരികയും പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കേണ്ടതുണ്ടോ എന്നതിന്മേൽ

തെരഞ്ഞെടുപ്പിന് ശേഷം ഫയൽ സമർപ്പിക്കുവാൻ ബഹു. മുൻവകുപ്പ് മന്ത്രി ഉത്തരവാകുകയും ചെയ്തു. രാഷ്ട്രദീപിക പത്രത്തിൽ നിന്നും വി.ആർ.എസ്. എടുത്തുപോയ 58 പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകിക്കൊണ്ടും പെൻഷൻ അനുവദിച്ചുകൊണ്ടും പുറപ്പെടുവിച്ച ഉത്തരവ് പുന:പരിശോധിക്കേണ്ടതുണ്ടോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഫയൽ അടുത്തു കൂടുന്ന പത്രപ്രവർത്തകേത പെൻഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി. അപ്രകാരം 15-05-2018-ൽ കൂടിയ പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റിയിൽ അജണ്ട നം.8 ആയി സമർപ്പിക്കുകയുണ്ടായി. ടി 5 8 ജീവനക്കാരും പദ്ധതിയിൽ അംഗത്വം എടുത്തവരോ, മുറപ്രകാരം റിട്ടയർ ചെയ്തവരോ അല്ല ഇവർ രാഷ്ട്രദീപികയിൽ നിന്നും വി.ആർ.എസ്. എടുത്ത ജീവനക്കാരാണ്. ഇവരുടെ അപേക്ഷകൾ ക്രമപ്രകാരം പരിശോധിക്കാതെയും പെൻഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരാതെയുമാണ് 02.03.2016-ൽ ഉത്തരവ് നൽകിയിട്ടുള്ളത്. ചട്ടപ്രകാരം അംഗത്വമോ പെൻഷനോ പരിഗണിക്കാൻ കഴിയാത്ത ഇവർക്ക് അംഗത്വം നൽകി പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷ നിരസിക്കുവാൻ 15.05.2018-ൽ കൂടിയ പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റി തീരുമാനിച്ചു. ആയതിൻ പ്രകാരം 04.03.2016 ലെ സ.ഉ (സാധാ) നം. 111/2016/ഐ&പി.ആർ നമ്പർ ഉത്തരവ് റദ്ദ് ചെയ്ത് 14.01.2019ലെ സ.ഉ (സാധാ) നം. 9/2019/ഐ&പി.ആർ പ്രകാരം ഉത്തരവാകുകയുണ്ടായി.

ഇതിനെതിരെ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ ബഹു. ഹൈക്കോടതി 01.12.2023-ന് പരിഗണിയ്ക്കുകയും വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു. പെൻഷൻ പദ്ധതി ചട്ടത്തിന്റെ ഐറ്റം 22 പ്രകാരം ഉത്തരവുകളിൽ ഭേദഗതി വരുത്താൻ കഴിയുമെന്നും, പെൻഷൻ മാനേജിംഗ് കമ്മിറ്റി ഈ വിഷയം പുന:പരിശോധിച്ച് ഈ ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 4 മാസത്തിനുള്ളിൽ അനുയോജ്യമായ തീരുമാനമെടുക്കണമെന്നുമാണ് ഉത്തരവായിട്ടുള്ളത്. എക്സ്റ്റെൻഷൻ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കാലാവധി 2025 ഫെബ്രുവരി 9-ന് അവസാനിക്കും.

**തീരുമാനം:-** നിലവിലെ വ്യവസ്ഥകൾ പ്രകാരം അംഗത്വമോ പെൻഷനോ അനുവദിക്കാൻ കഴിയില്ലെന്ന് ബഹു. ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ തീരുമാനിച്ചു.

2) WP(C)NO.20196/2019- **വീക്ഷണം**

വീക്ഷണം പത്രസ്ഥാപനത്തിൽ നിന്നും റിട്രെഞ്ച്മെന്റിന്റെ ഭാഗമായി 2003-ൽ പിരിച്ചുവിടപ്പെട്ട 38 പേർക്ക് അംഗത്വം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ വേജ്ബോർഡ് ശുപാർശ ഇല്ല എന്ന കാരണത്താൽ നിരസിച്ചിരുന്നു. റിട്രഞ്ച്മെന്റിന്റെ ഭാഗമായി ജോലിയിൽ നിന്നും പിരിച്ചുവിടപ്പെട്ട ഇതേ സ്ഥാപനത്തിലെ വർക്കിംഗ് ജേർണലിസ്റ്റുകളായ ജീവനക്കാർക്ക് പെൻഷൻ അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് ശ്രീ. പി.ആർ.ബാബു അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതു കണക്കിലെടുത്ത് ഈ വിഷയം 15.05.2018-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പത്രപ്രവർത്തേകതര പെൻഷൻ കമ്മിറ്റിയിൽ അജണ്ട നം. 16 ആയി സമർപ്പിക്കുകയും, അർഹതയ്ക്ക് വിധേയമായി ഇവർക്ക് അംഗത്വം അനുവദിക്കുന്നതിന് 15.05.2018-ൽ ചേർന്ന പെൻഷൻ കമ്മിറ്റി തീരുമാനിച്ചു.

പ്രസ്തുത വിഷയം പരിശോധിച്ചു. പെൻഷൻ അനുവദിക്കണമെങ്കിൽ അംഗത്വം

ഉണ്ടായിരിക്കണം. ഈ 38 പേർക്കും പെൻഷൻ പദ്ധതിയിൽ അംഗത്വമില്ല. ആയതിനാൽ പെൻഷൻ അനുവദിക്കുവാൻ നിർവ്വാഹമില്ല. 2003-ൽ പിരിച്ചുവിടപ്പെട്ടവർ 8 വർഷത്തിനു ശേഷം 2011-ലാണ് അപേക്ഷ സമർപ്പിച്ചത്.ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെത്തന്നെ അട്ടിമറിക്കുന്ന തരത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയില്ല എന്നീ കാരണങ്ങളാൽ അംഗത്വവും പെൻഷനും അനുവദിക്കുന്ന വിഷയം നിരസിച്ചിരുന്നു.

ഇതിനെതിരെ ശ്രീ. നന്ദകുമാറും മറ്റുള്ളവരും ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. പ്രസ്തുത കേസ് 01.07.2024-ന് ബഹു. ഹൈക്കോടതിയിൽ പരിഗണിച്ച് വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. വിധിന്യായത്തിന്റെ പകർപ്പ് കൈപ്പറ്റി ഒരു മാസത്തിനകം അനുയോജ്യമായ അപേക്ഷയുമായി ഹർജിക്കാർക്ക് 3-ാം എതിർകക്ഷിയെ സമീപിക്കാമെന്നും, പ്രസ്തുത അപേക്ഷയിന്മേൽ 4 മാസത്തിനുള്ളിൽ 3-ാം എതിർകക്ഷി അനുയോജ്യമായ ഉത്തരവിറക്കണമെന്നും, ഹർജിക്കാരുടെ അവകാശവാദം നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായി 3-ാം എതിർകക്ഷിയ്ക്ക് സ്വതന്ത്രമായി പരിഗണിക്കാമെന്നുമാണ് ഉത്തരവായിട്ടുള്ളത്. മൂന്നാം എതിർകക്ഷി മാനേജിംഗ് കമ്മിറ്റി ചെയർമാനായ ബഹു മുഖ്യമന്ത്രിയാണ്. ഈ വിധിന്യായത്തിന്മേലും എക്സ്റ്റെൻഷൻ ഫയൽ ചെയ്തിട്ടുണ്ട്

**തീരുമാനം:** - നിലവിലെ വ്യവസ്ഥകൾ പ്രകാരം അംഗത്വമോ പെൻഷനോ അനുവദിക്കാൻ കഴിയില്ലെന്ന് ബഹു. ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ തീരുമാനിച്ചു.

<u>3) WP(C) 25886/2015 - ശ്രീ ആന്റണി എം.സി</u>

രാഷ്ട്രദീപിക പത്രസ്ഥാപനത്തിലെ ജൂനിയർ ക്ലാർക്ക് തസ്തികയിൽ നിന്ന് 25.02.2005-ൽ (51 വയസ്) വി.ആർ.എസ് എടുത്ത ശ്രീ ആന്റണി എം.സി പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വത്തിനായി സമർപ്പിച്ച അപേക്ഷ 16.05.2012-ൽ ചേർന്ന പെൻഷൻ മാനേജിംഗ് കമ്മിറ്റി പരിശോധിച്ചു. രാഷ്ട്രദീപിക പത്രസ്ഥാപനം പ്രതിസന്ധിയിലായപ്പോൾ സ്ഥാപനം ആവശ്യപ്പെട്ട പ്രകാരമാണ് റിട്ടയർ ചെയ്തതെന്നും 01.07.1991 മുതൽ 28.02.2005 വരെ 10 വർഷത്തിൽ കൂടുതൽ സർവ്വീസ് ഉള്ളതിനാലും ശ്രീ ആന്റണി എം.സി ഉൾപ്പെടെയുള്ള 5 പേർക്ക് അംഗത്വം നൽകേണ്ടതുണ്ടോ എന്ന കാര്യം കമ്മിറ്റിയിൽ തീരുമാനിക്കേണ്ടതാണെന്നും, റിട്ടയർ ചെയ്ത ശേഷം ഏതെങ്കിലും പത്രസ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതാണെന്നും 16.05.2012-ൽ ചേർന്ന പെൻഷൻ കമ്മിറ്റിയുടെ അജണ്ടയിൽ പരാമർശിച്ചിട്ടുണ്ട്. ഇതിനുശേഷം 20.12.2012-ൽ ഇവർക്ക് അംഗത്വം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന വിവരം അപേക്ഷകനെ അറിയിച്ചു.

ശ്രീ ആന്റണി എം.സി ഉൾപ്പെടെയുള്ള 3 പേർ ക്ക് 18.03.2013-ൽ പാസ് ബുക്ക് അനുവദിക്കുകയും 58 വയസ് വരെ അംശദായം അടയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തു തുടർന്ന് ടിയാൻ 16.04.2013, 10.06.2013 തീയതികളിലായി 18,000/- രൂപ അംശദായ ഇനത്തിൽ ഒടുക്കുകയും ചെയ്തു.

16.05.2012-ലെ കമ്മിറ്റിയുടെ യോഗത്തിൽതന്നെ 1953-നു ശേഷം ജനനത്തീയതിയുള്ളവരുടെ അപേക്ഷകൾ ബന്ധപ്പെട്ട ഡി.ഐ.ഒ/ഡി.ഡിമാർക്ക് തിരികെ

അയയ്ക്കാവുന്നതാണെന്ന് തീരുമാനമായിട്ടുള്ളതായും കാണുന്നു. അപേക്ഷകന്റെ ജനനത്തീയതി 18.11.1954 ആണ്.

ശ്രീ. ആന്റണി.എം.സി, ടിയാന് പത്രപ്രവർത്തേകതര പെൻഷൻ അനുവദിക്കാത്തതിനെതിരെയാണ് ബഹു. ഹൈക്കോടതിയിൽ WP(C) 25886/2015 ഫയൽ ചെയ്തത്. പ്രസ്തുത കേസിന്മേൽ 09.02.2024-ൽ വിധിന്യായം വന്നു. അപേക്ഷകനെ നേരിൽ കേട്ടതിന് ശേഷം രണ്ട് മാസത്തിനുള്ളിൽ നിയമാനുസൃതമായ നടപടി കഴിയുന്നത്ര വേഗത്തിൽ സ്വീകരിക്കാൻ വകുപ്പ് ഡയറക്ടർക്ക് (രണ്ടാം എതിർകക്ഷി) നിർദ്ദേശം നൽകികൊണ്ടാണ് വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത്. 13.08.2024-ന് അപേക്ഷകനെ നേരിൽ കേട്ടു.

അപേക്ഷകന് അംശദായം ഒടുക്കിയത് വകുപ്പിൽ നിന്നുള്ള അനുമതിയുടെ അടിസ്ഥാനത്തിലാണെന്നതിനാൽ ശ്രീ ആന്റണി എം.സി-യ്ക്ക് പെൻഷൻ അനുവദിക്കുന്ന വിഷയത്തിൽ തീരുമാനത്തിനായി

**തീരുമാനം:** - മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി പെൻഷൻ അനുവദിയ്ക്കാവുന്നതാണ് .

**<u>അജണ്ട – 8</u> അംശദായത്തുക വർദ്ധിപ്പിക്കുന്നത്**

നിലവിൽ പെൻഷൻ പദ്ധതിയിലെ അംശാദായ വിഹിതം പ്രതിമാസം 250/- രൂപയാണ്. 2018-ലാണ് അംശദായം 250/- രൂപയാക്കിയത്. 2022-ൽ പെൻഷൻ തുക 6500/- രൂപയായും 2024-ൽ 7000/- രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ പെൻഷൻ തുകയുടെ 5% / 10% / നിശ്ചയിക്കുന്ന തുക എന്ന നിലയിൽ അംശാദായം വർദ്ധിപ്പിക്കാമോ? കമ്മിറ്റിയുടെ പരിഗണനയ്ക്കായി.

**തീരുമാനം** : - വ്യവസ്ഥപരിഷ്ക്കരണം സംബന്ധിച്ച ഫയലിലെ തീരുമാനത്തിനു വിധേയമായി തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു.

**<u>അജണ്ട – 9</u>**

**പത്രപ്രവർത്തകേതര പെൻഷൻ അനുവദിച്ചത് സാധൂകരണം**

**തീരുമാനം** :- 558 പേർക്ക് പത്രപ്രവർത്തകേതര പെൻഷൻ അനുവദിച്ചത് സാധൂകരിച്ചു.

**<u>അജണ്ട – 10</u> ആശ്രിത പെൻഷൻ പെൻഷൻ അനുവദിച്ചത് സാധൂകരണം**

**തീരുമാനം**:- 153 പേർക്ക് പത്രപ്രവർത്തകേതര ആശ്രിത പെൻഷൻ അനുവദിച്ചത് സാധൂകരിച്ചു.

**<u>അജണ്ട – 11</u> - 50% പെൻഷൻ അനുവദിച്ചത് സാധൂകരണം -**

**തീരുമാനം**:- 11 പേർക്ക് 50% പെൻഷൻ അനുവദിച്ചത് സാധൂകരിച്ചു.

**അജണ്ട 12- അംഗത്വം റദ്ദ് ചെയ്ത് തുക തിരികെ നൽകിയവ**

**തീരുമാനം:**-പത്രസ്ഥാപനത്തിലെ ജോലി ഉപേക്ഷിച്ചതിനാൽ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ ഒടുക്കിയ അംശദായത്തുക തിരികെ വേണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകരുടെ അംഗത്വം റദ്ദ് ചെയ്ത് അംശദായത്തുക തിരികെ നൽകിയ നടപടി സാധൂകരിച്ചു.

**അജണ്ട 13- അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതരവിഷയങ്ങൾ**

മറ്റു വിഷയങ്ങളൊന്നും ചർച്ചചെയ്തില്ല.

യോഗം 2.15 pm-ന് അവസാനിച്ചു.

സുഭാഷ് ടി വി ഐ.എ.എസ്

ApprovedByDesignation#